©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2020 ഡിസംബർ 1
1st December 2020

1196 വൃശ്ചികം 16
16th Vrischikam 1196

1942 അഗ്രഹായനം 10
10th Agrahayana 1942

നമ്പർ
No. 47

# PART III

# Notifications by Heads of Departments

# Commissionerate of Land Revenue

(247)

റഫ്. കെ4-14645/2020. 2020 സെപ്റ്റംബർ 11.

കോഴിക്കോട് താലൂക്ക്, എലത്തൂർ വില്ലേജിൽ പക്കർകോയ, തിക്കശ്ശേരി വീട്, പി. ഒ. പുതിയങ്ങാടി എന്നയാൾ 25-4-1992-ൽ മരണപ്പെട്ടിരിക്കുന്നു. ടിയാന്റെ അനന്തരാവകാശികളെ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ആയിഷാബി തിക്കശ്ശേരി വീട്, പുതിയോട്ടിൽ, പുതിയങ്ങാടി പി. ഒ. ഈ ആഫീസിൽ ബോധിപ്പിക്കപ്പെട്ട അപേക്ഷയിൻമേൽ അന്വേഷണം നടത്തിയതിൽ താഴെ പറയുന്നവരെ അനന്തരാവകാശികളായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു.

| ക്രമ നമ്പർ | പേര് | മരിച്ചയാളുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ആയിഷാബി | മകൾ | 62 |
| 2 | ഹമീദ്, പി. | മകൻ | 61 |
| 3 | ജമീല, പി. | മകൾ | 58 |
| 4 | മുസ്തഫ | മകൻ | 55 |
| 5 | ഫാത്തിമ 6-10-2014-ൽ മരണപ്പെട്ട മകൾ ഉമ്മാച്ചയ് എന്നവരുടെ | മകൾ | 52 |
| 6 | സൗദാബി ,, | ,, | 47 |
| 7 | ഷംസുദ്ദീൻ ,, | മകൻ | 44 |
| 8 | ഷർഫുദ്ദീൻ ,, | ,, | 35 |

മേൽപ്പറഞ്ഞവരെ ചേർത്ത് ഒരു അനന്തരാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തി 30 ദിവസത്തിനകം കോഴിക്കോട് തഹശീൽദാരെ എഴുതി ബോധിപ്പിക്കേണ്ടതാണ്. അവധി കഴിഞ്ഞുവരുന്നതോ തപാലിൽ വരുന്നതോ ആയ ആക്ഷേപങ്ങൾ സ്വീകരിക്കപ്പെടുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്)
കോഴിക്കോട്. തഹശീൽദാർ.

---

## Thamarassery Taluk

പരസ്യം

റഫ്. സി2-5949/2020. 2020 ആഗസ്റ്റ് 4.

താമരശ്ശേരി താലൂക്ക്, കോടഞ്ചേരി അംശം, കോടഞ്ചേരി ദേശത്ത് താമസിച്ചിരുന്ന ബേബി, പി. ജെ. s/o (Late) ജോൺ പുത്തൻ പുരക്കൽ വീട്, കണ്ണോത്ത് പി. ഒ., എന്നയാൾ 3-5-2020-ാം തീയതി മരണമടഞ്ഞിരിക്കുന്നു. പരേതന്റെ അനന്തരാവകാശ സർട്ടിഫിക്കറ്റിനുവേണ്ടി പരേതന്റെ മകൻ ആൽബിൻ ബേബി, പുത്തൻപുരക്കൽ വീട്, കണ്ണോത്ത് പി. ഒ. ബോധിപ്പിക്കുന്ന അപേക്ഷാകാര്യത്തിൽ അന്വേഷണം നടത്തിയതിൽ താഴെ പേര് പറയുന്നവരാണ് പരേതന്റെ അനന്തരാവകാശികളെന്ന് അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതനുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | ഗ്രേസി ബേബി | ഭാര്യ | 50 |
| 2 | ആൽബിൻ ബേബി | മകൻ | 28 |
| 3 | അജിൻ ബേബി | ,, | 26 |

മേൽപ്പറഞ്ഞ അവകാശികളെ ഉൾപ്പെടുത്തി ഒരു അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ ആർക്കെങ്കിലും എന്തെങ്കിലും നിയമോചിതമായ തടസ്സങ്ങൾ ഉണ്ടെങ്കിൽ അവർ ഈ പരസ്യം ഗസറ്റിൽ പരസ്യപ്പെടുത്തുന്ന തീയതി മുതൽ 30 ദിവസത്തിനകം ഈ ആഫീസിൽ ഹാജരായി രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുശേഷവും തപാൽമാർഗ്ഗവും ലഭിക്കുന്ന ആക്ഷേപങ്ങൾ സ്വീകരിക്കുന്നതല്ല. ആക്ഷേപങ്ങൾ ലഭിക്കാത്തപക്ഷം അപേക്ഷകന് അനന്തരാവകാശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതാണ്.

താലൂക്കാഫീസ്, (ഒപ്പ്)
താമരശ്ശേരി. തഹശീൽദാർ.

---

# WAYANAD DISTRICT

## Vythiri Taluk

പരസ്യം

നമ്പർ ഡി1-2830/2020. 2020 ഒക്ടോബർ 13.

വൈത്തിരി താലൂക്കിൽ കൽപ്പറ്റ വില്ലേജിൽ സക്കീന, എം., മൂച്ചിക്കൽ വീട്, പുഴമുടി, കൽപ്പറ്റ വില്ലേജ് എന്നവർ മരണപ്പെട്ടതിനാൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടുകൊണ്ട് പരേതയുടെ ഭർത്താവ് സി. പി. അബൂബക്കർ എന്നയാൾ സമർപ്പിച്ച അപേക്ഷയിൻമേൽ കൽപ്പറ്റ വില്ലേജാഫീസർ അന്വേഷണം നടത്തിയതിൽ സക്കീന, എം., മൂച്ചിക്കൽ വീട്, പുഴമുടി, കൽപ്പറ്റ വില്ലേജ് എന്നവർ 26-8-2020-ാം തീയതി മരണപ്പെട്ടതായും പരേതയുടെ അവകാശികളായി താഴെപ്പറയുന്ന 2 (രണ്ട്) പേരാണുള്ളതെന്നും അറിവായിരിക്കുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | സി. പി. അബൂബക്കർ | ഭർത്താവ് | 54 |
| 2 | സി. പി. അജ്സൽ | മകൻ | 14 |

മേൽപ്പറഞ്ഞവരാണ് പരേതയുടെ അവകാശികളെന്നുള്ളതിന് അവകാശ സർട്ടിഫിക്കറ്റ് കൊടുക്കുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനുള്ളിൽ രേഖാമൂലം വൈത്തിരി തഹശീൽദാർ മുമ്പാകെ ഹാജരാകേണ്ടതാണ്. കാലാവധി കഴിഞ്ഞോ തപാൽമാർഗ്ഗമായോ വരുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല.

താലൂക്കാഫീസ്, (ഒപ്പ്).
വൈത്തിരി. തഹശീൽദാർ.